പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 15

# 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 15

**2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ**

633/2011.

# 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ളിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിന്റെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ ,—

(i) നിലവിലുള്ള (എ) ഖണ്ഡത്തിന്, (എഎ) എന്ന് പുനരക്ഷരം നൽകേണ്ടതും, അപ്രകാരം പുനരക്ഷരം നൽകിയ (എഎ) ഖണ്ഡത്തിനുമുൻപായി, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് :—

"(എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ, 2ബി വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ലാന്റ് റവന്യൂ കമ്മീഷണർ എന്നർത്ഥമാകുന്നതും അതിൽ പ്രസ്തുത വകുപ്പുപ്രകാരം അദ്ദേഹത്തെ സഹായിക്കുന്നതിനായി സർക്കാർ നിയമിക്കുന്ന ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;";

(ii) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "സംസ്ഥാന ഉന്നതതല സമിതി" എന്നാൽ 2 എ വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ഉന്നതതല സമിതി എന്നർത്ഥമാകുന്നു ;";

(iii) (കെ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(കെഎ) "പ്രത്യേക സംരക്ഷണ സേന" എന്നാൽ 26 എ വകുപ്പ് പ്രകാരം രൂപീകരിച്ച പ്രത്യേക സംരക്ഷണ സേന എന്നർത്ഥമാകുന്നു ;".

3. 2എ, 2ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം II-ൽ 3-ാം വകുപ്പിന് മുൻപായി താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"2എ. സംസ്ഥാന ഉന്നതതല സമിതിയുടെ രൂപീകരണം.—(1) ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മപരിശോധന ചെയ്യുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി സർക്കാർ, ഗസറ്റ് വിജ്ഞാപനംമൂലം ഒരു സംസ്ഥാന ഉന്നതതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

| | | | |
|---|---|---|---|
| (i) | റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി | — | ചെയർപേഴ്സൺ |
| (ii) | നിയമ വകുപ്പ് സെക്രട്ടറി | — | അംഗം |
| (iii) | ലാന്റ് റവന്യൂ കമ്മീഷണർ | — | കൺവീനർ |
| (iv) | ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടർ | — | അംഗം |
| (v) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ | — | അംഗം |
| (vi) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലസേചന വകുപ്പിലെ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ | — | അംഗം |
| (vii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ | — | അംഗങ്ങൾ |

(3) സംസ്ഥാന ഉന്നതതല സമിതി, രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും, ചെയർപേഴ്സൺ തീരുമാനിക്കുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്.

(4) സംസ്ഥാന ഉന്നതതല സമിതി യോഗത്തിനുള്ള ക്വാറം അഞ്ച് ആയിരിക്കുന്നതും അതിൽ ഒരാൾ, (2)-ാം ഉപവകുപ്പിലെ (vii)-ാം ഇനത്തിൻകീഴിൽ വരുന്ന ഒരു ശാസ്ത്രജ്ഞൻ ആയിരിക്കേണ്ടതുമാണ്.

(5) ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള യാതൊരു പദ്ധതിക്കും, സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകിയിട്ടില്ലാത്തപക്ഷം, ഭരണാനുമതി നൽകുവാൻ പാടുള്ളതല്ല.

2ബി. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.—(1) ലാന്റ് റവന്യൂ കമ്മീഷണർ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പൊതു മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ഈ ആവശ്യത്തിലേക്കായി സർക്കാർ നിയമിക്കുന്ന, ഡെപ്യൂട്ടി ലാന്റ് റവന്യൂ കമ്മീഷണർ അഥവാ അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽതാഴെയല്ലാത്ത, ആഫീസർ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.".

4. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിലെ (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(പി) ജില്ലയിൽ അധികാരിതയുള്ള സബ് കളക്ടർ അഥവാ റവന്യൂ ഡിവിഷണൽ ആഫീസർ അഥവാ റവന്യൂ ഡിവിഷണൽ ആഫീസർമാർ ;

(ക്യു) ജില്ലയിലെ, രജിസ്റ്റർചെയ്ത മണൽവാരൽ തൊഴിലാളികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ.";

(ii) (3)-ാം ഉപവകുപ്പിൽ, "ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ" എന്ന വാക്കുകൾക്കുപകരം "സബ് കളക്ടർ അഥവാ ഹെഡ് ക്വാർട്ടേഴ്സിന്റെ ചുമതലയുള്ള റവന്യൂ ഡിവിഷണൽ ആഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ജെ) പ്രസ്തുത പ്രദേശത്തെ, രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളികളിൽനിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ.".

6. 9-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിൽ, "തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ" എന്ന വാക്കുകൾക്കുശേഷം, "അഥവാ സർക്കാർ, കാലാകാലങ്ങളിൽ വിനിർദ്ദേശിക്കുന്ന, ഈ മേഖലയിലെ മറ്റ് ഏജൻസികളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 12-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "രാവിലെ 6 മണിക്ക് മുൻപും വൈകുന്നേരം 3 മണിക്ക് ശേഷവും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്ക് മുൻപും വൈകുന്നേരം 4 മണിക്ക് ശേഷവും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(ii) (5)-ാം ഉപവകുപ്പിൽ, "ഏതെങ്കിലും ജലസേചന പദ്ധതിയിൽനിന്നോ" എന്ന വാക്കുകൾക്ക് ശേഷം "ജലവിതരണ പദ്ധതിയുടെ പമ്പിംഗ് സ്റ്റേഷനിൽ

നിന്നോ തടയണയിൽനിന്നോ ഏതെങ്കിലും സംരക്ഷണ ഭിത്തിയിൽനിന്നോ നദീതടത്തിൽവച്ച് നടത്തുന്ന ഏതെങ്കിലും മതപരമോ, സാംസ്കാരികമോ ആയ പ്രവർത്തനവേദിയിൽനിന്നോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) (10)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(11) ഒരു കടവിലെ മണൽവാരൽ പ്രവർത്തനങ്ങളും പ്രസ്തുത മണൽ കടത്തിക്കൊണ്ട് പോകുന്നതും നിർണ്ണയിക്കപ്പെടുന്നപ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രമേ ചെയ്യുവാൻ പാടുള്ളൂ.".

8. 17-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലുള്ള ഓരോ പഞ്ചായത്തിനുംവേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യുന്ന, റവന്യൂ വകുപ്പിലെ ഒരു ആഫീസറും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 23-ാം വകുപ്പിന് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—(1) പ്രധാന ആക്റ്റിലെ 23-ാം വകുപ്പിന് പകരം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"23. വാഹനം, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, പണിയായുധങ്ങൾ മുതലായവ പിടിച്ചെടുക്കൽ.—(1) ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പാലിക്കാതെ, ഏതെങ്കിലും ആൾ ഒരു കടവിൽനിന്നും മണൽ വാരുകയോ അവിടെനിന്നും മണൽ കടത്തിക്കൊണ്ടു പോകുകയോ ചെയ്യുന്നിടത്ത്, റവന്യൂ വകുപ്പിലെ വില്ലേജ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസറോ അഥവാ സ്റ്റേഷൻ ഹൗസ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ആഫീസറോ അഥവാ പ്രത്യേക സംരക്ഷണ സേനയിലെ ഒരംഗമോ, അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ പണിയായുധങ്ങൾ, ഉപകരണങ്ങൾ, കയറ്റുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ, മറ്റു സാധനങ്ങൾ എന്നിവ മണൽ ഉൾപ്പെടെ, പിടിച്ചെടുക്കേണ്ടതാണ്.

വിശദീകരണം :—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി 'വാഹനം' എന്ന പദപ്രയോഗത്തിൽ നാടൻവള്ളം, ചങ്ങാടം, മറ്റേതെങ്കിലും യാനം എന്നിവകൂടി ഉൾപ്പെടുന്നതാണ്.

23എ. മണൽ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 23-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വസ്തുക്കൾ പിടിച്ചെടുക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്ന ആഫീസർ, പ്രസ്തുത വസ്തുക്കളിന്മേൽ എല്ലാം അവ പിടിച്ചെടുത്തതാണ് എന്ന് സൂചിപ്പിക്കുന്നതിനുള്ള ഒരു മുദ്രവയ്ക്കേണ്ടതും, പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിരുന്നാലും ഇല്ലെങ്കിലും, അപ്രകാരം പിടിച്ചെടുത്ത് 48 മണിക്കൂറിനകം, അങ്ങനെ പിടിച്ചെടുത്തതായി, പ്രസ്തുത വസ്തുക്കൾ

പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ഒരു റിപ്പോർട്ട് നൽകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചാൽ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, 23-ാം വകുപ്പുപ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാതിരിക്കാൻ കാരണമുണ്ടെങ്കിൽ, നോട്ടീസിൽ പറയുന്നപ്രകാരമുള്ള നിശ്ചിത സമയത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, വാഹനത്തിന്റെയോ, പണിയായുധങ്ങളുടെയോ ഉപകരണങ്ങളുടെയോ കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങളുടെയോ മറ്റു വസ്തുക്കളുടെയോ ഉടമസ്ഥന് അഥവാ അതിന്റെ നിയന്ത്രണമുള്ള ആൾക്ക്, നോട്ടീസ് നൽകേണ്ടതാണ്.

(3) പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളോ വിശദീകരണം നൽകാതിരിക്കുകയോ നൽകിയ വിശദീകരണം തൃപ്തികരമല്ലാതിരിക്കുകയോ ചെയ്യുകയും 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടേണ്ടതാണെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അദ്ദേഹം, ഒരു ഉത്തരവുമൂലം അത് കണ്ടുകെട്ടേണ്ടതും, ആ വിവരം അവയുടെ ഉടമസ്ഥനെയോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളിനെയോ അറിയിക്കേണ്ടതുമാണ് :

എന്നാൽ പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ, കണ്ടുകെട്ടിയ വസ്തുക്കൾക്ക് പകരമായി, മണൽ ഒഴികെ, കണ്ടുകെട്ടിയ വസ്തുക്കളുടെ, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയ്ക്ക് തുല്യമായ തുക അടച്ചുകൊണ്ട് അവ വീണ്ടെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ് :

എന്നുമാത്രമല്ല, യാതൊരു കാരണവശാലും വില ഈടാക്കിക്കൊണ്ട്, കണ്ടുകെട്ടിയ മണൽ വിട്ടുകൊടുക്കാൻ പാടുള്ളതല്ല.

(4) (3)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനപ്രകാരം ലഭിച്ച തുക 23 ഡി വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരം ഒരു കണ്ടുകെട്ടൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സംഗതിയിൽ, ബന്ധപ്പെട്ട ആളിനെതിരെ, അധികാരിതയുള്ള കോടതി മുൻപാകെ, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തത് സംബന്ധിച്ച ഒരു പരാതി, റവന്യൂ ഡിവിഷണൽ ആഫീസർ നൽകുകയോ അഥവാ 25-ാം വകുപ്പിൽ പരാമർശിക്കുന്ന പ്രകാരമുള്ള ആഫീസറെക്കൊണ്ട് ഫയൽ ചെയ്യിക്കുകയോ ചെയ്യേണ്ടതാണ്.

(6) (3)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ കലവറയ്ക്ക് വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

(7) ഈ വകുപ്പുപ്രകാരം കണ്ടുകെട്ടൽ നടത്തുന്നത്, പ്രസ്തുത കുറ്റത്തിന് ഈ ആക്റ്റ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷയ്ക്ക് പുറമേ ആയിരിക്കുന്നതാണ്.

23ബി. ജില്ലാ കളക്ടർക്കുള്ള റിവിഷൻ.—23 എ വകുപ്പുപ്രകാരമുള്ള കണ്ടുകെട്ടൽ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, പ്രസ്തുത ഉത്തരവിന്റെ തീയതിമുതൽ 15 ദിവസത്തിനകം ജില്ലാ കളക്ടർക്ക് റിവിഷൻ നൽകാവുന്നതും പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കേണ്ടതാണ് എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന് പ്രസ്തുത ഉത്തരവ് പുതുക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ് :

എന്നാൽ, സമയപരിധിക്കുള്ളിൽ റിവിഷൻ ഫയൽ ചെയ്യാതിരുന്നതിന്, റിവിഷൻ അപേക്ഷകന് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം അദ്ദേഹത്തിന് 15 ദിവസംവരെയുള്ള കാലതാമസം മാപ്പാക്കാവുന്നതും എന്നാൽ അതിനുശേഷമുള്ള കാലതാമസം മാപ്പാക്കാൻ പാടില്ലാത്തതുമാണ്.

23സി. ജില്ലാ കോടതിക്കുള്ള അപ്പീൽ.—(1) 23 ബി വകുപ്പിൻകീഴിലുള്ള, ജില്ലാ കളക്ടറുടെ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, ജില്ലാ കളക്ടറുടെ ഉത്തരവിന്റെ തീയതിമുതൽ 30 ദിവസത്തിനകം വസ്തു പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജില്ലാ കോടതി മുൻപാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

23ഡി. കണ്ടുകെട്ടിയ വസ്തു അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുക മടക്കിനൽകൽ.—23 ബി വകുപ്പ് പ്രകാരം ഫയൽ ചെയ്ത റിവിഷനിൽ ജില്ലാ കളക്ടറോ, അഥവാ 23 സി വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപ്പീലിൽ ജില്ലാ കോടതിയോ, അതത് സംഗതിപോലെ, 23 ബി വകുപ്പ് അഥവാ 23 സി വകുപ്പ് പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്താൽ, കണ്ടുകെട്ടിയ വസ്തുക്കളോ അഥവാ കണ്ടുകെട്ടലിനുപകരമായി നൽകിയ തുകയോ അവയുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ തിരിച്ചുനൽകേണ്ടതും തുക തിരിച്ചുനൽകുന്ന സംഗതിയിൽ അത് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകേണ്ടതുമാണ്.".

10. 25-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 25-ാം വകുപ്പിൽ, "സർക്കാർ, ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ" എന്ന വാക്കുകൾക്ക് പകരം "23 എ വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെയോ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

11. 26 എ, 26 ബി, 26 സി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന പുതിയ വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"26 എ. പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുംവേണ്ടി, സർക്കാർ, ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണ്.

(2) പ്രത്യേക സംരക്ഷണ സേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും, നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കുന്നതാണ്.

26ബി. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോപ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്ത തോ, ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരുകാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ, കുറ്റവിചാരണയോ മറ്റു നിയമനടപടിയോ ഏതൊരാൾക്കും എതിരെ നിലനിൽക്കുന്നതല്ല.

26സി. ചില വ്യക്തികൾ പബ്ലിക് സെർവെന്റുമാരായി കരുതപ്പെടുമെന്ന്.—23-ാം വകുപ്പ് അഥവാ 23 എ വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരാളും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കരുതപ്പെടുന്നതാണ്.".

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുത പ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ട താണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിലെ നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾപ്രകാരം ആക്റ്റിലെ വ്യവസ്ഥകളുടെ നിർവ്വഹണം സംബന്ധിച്ച മേൽനോട്ടം വഹിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥന് അധികാരം നൽകിയിരുന്നില്ല. ഇത്തരം അധികാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടത്, പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. കൂടാതെ ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്ന നദീതീര സംരക്ഷണ പദ്ധതികൾ സൂക്ഷ്മപരിശോധന ചെയ്ത് പാസ്സാക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു സമിതി പ്രസ്തുത ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്നതിനായി ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണെന്നും സർക്കാർ കരുതുന്നു. നിലവിലുള്ള ജില്ലാ വിദഗ്ദ്ധ സമിതിയിലും കടവ് കമ്മിറ്റിയിലും തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തു ന്നത് പ്രസ്തുത കമ്മിറ്റികൾക്ക് കൂടുതൽ കാര്യക്ഷമത നൽകും എന്ന് സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്.

2. അനധികൃതമായി മണൽ കടത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും കണ്ടുകെട്ടുന്നതിനും പിടിച്ചെടുക്കുന്നതിനും പ്രസ്തുത നിയമത്തിലെ നിലവിലുള്ള വ്യവസ്ഥകളുടെ ചില പോരായ്മകൾ പലപ്പോഴും അനധികൃത മണൽ കടത്തുന്നവർക്ക് അനുകൂല കോടതി വിധി സമ്പാദിക്കുന്നതിന് സഹായകമാകുന്നുണ്ട്. അതിനാൽ പഴുതുകളില്ലാത്ത രീതിയിൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്, കൂടാതെ ഈ ആക്റ്റ് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രായോഗികതലത്തിൽ നേരിടേണ്ടിവന്നിട്ടുള്ള മറ്റു ചില ബുദ്ധിമുട്ടുകളും അവർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകളും ആക്റ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

3. നിലവിലുള്ള സമ്പ്രദായത്തിൽ അനധികൃതമായി മണൽ കടത്തുന്നത് ഫലപ്രദമായി തടയുന്നതിന് ഇപ്പോൾ കഴിയുന്നില്ല. മറ്റ് നിരവധി ചുമതലകളോടൊപ്പം ജില്ലാ ഭരണകൂടതലത്തിൽ ഈ ചുമതലകൾകൂടി നിർവ്വഹിക്കുമ്പോൾ ആവശ്യമുള്ളത്ര കാര്യക്ഷമത കൈവരിക്കാനാവില്ല എന്നത് കണക്കിലെടുത്ത് ഇതിനായി ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടത് വളരെ ആവശ്യമാണ്.

4. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2010-ലെ 31) 2010 ജൂൺ 12-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ജൂൺ 14-ാം തീയതിയിലെ 1334-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2010-ലെ 31-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2010 ജൂൺ 28-ാം തീയതി ആരംഭിച്ച് 2010 ജൂലൈ 29-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2010-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2010-ലെ 38) 2010 ആഗസ്റ്റ് 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ആഗസ്റ്റ് 8-ാം തീയതിയിലെ 1818-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2010-ലെ 38-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 395-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 14) 2011 ജനുവരി 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 ജനുവരി 23-ാം

തീയതിയിലെ 152-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2011-ലെ 14-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 405-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2011 ഫെബ്രുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 20) 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 മാർച്ച് 18-ാം തീയതിയിലെ 649-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2011-ലെ 20-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2എ വകുപ്പ്, ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി ഗസറ്റ് വിജ്ഞാപനംവഴി ഒരു ഉന്നതതല സമിതി രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡത്തിന്റെ (iii)-ാം ഉപഖണ്ഡപ്രകാരം ആക്റ്റിന്റെ 12-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (ii)-ാം ഉപവകുപ്പ് ഒരു കടവിലെ മണൽവാരൽ പ്രവർത്തനങ്ങളും പ്രസ്തുത മണൽ കടത്തിക്കൊണ്ടുപോകുന്നതിനുള്ള നിബന്ധനകളും നിയന്ത്രണങ്ങളും ചട്ടങ്ങൾവഴി നിർണ്ണയിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്നു.

3. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 26എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രത്യേക സംരക്ഷണ സേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും ചട്ടങ്ങൾപ്രകാരം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. മാത്രമല്ല ചട്ടങ്ങൾ ഉണ്ടാക്കിയശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് അവ വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ

## 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ജില്ലാ കളക്ടർ" എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നു ;

(ബി) "ജില്ലാ വിദഗ്ദ്ധസമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ വിദഗ്ദ്ധസമിതി എന്നർത്ഥമാകുന്നു ;

** ** ** **

(കെ) "വകുപ്പ്" എന്നാൽ ഈ ആക്റ്റിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

** ** ** **

### അദ്ധ്യായം II

### കമ്മിറ്റികളുടെ രൂപീകരണം

3. ജില്ലാ വിദഗ്ദ്ധ സമിതിയുടെ രൂപീകരണവും ഘടനയും.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം എത്രയുംവേഗം സർക്കാർ, വിജ്ഞാപനംവഴി, സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള തീയതിമുതൽ പ്രാബല്യമുള്ള, ഓരോ വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാ വിദഗ്ദ്ധ സമിതിയിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ജില്ലാ കളക്ടർ, എക്സ്-ഒഫീഷ്യോ ;

(ബി) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നു കിടക്കുന്ന പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി ;

(സി) ജില്ലാ ലേബർ ഓഫീസർ, എക്സ്-ഒഫീഷ്യോ ;

(ഡി) ജില്ലയിൽ ക്രമസമാധാനത്തിന്റെ ചുമതലയുള്ള പോലീസ് സൂപ്രണ്ട്, എക്സ്-ഒഫീഷ്യോ ;

(ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എക്സ്-ഒഫീഷ്യോ ;

(എഫ്) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നു കിടക്കുന്ന മുനിസിപ്പൽ കൗൺസിലുകളിലെ ചെയർമാൻ/ചെയർപേഴ്സൺമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ ;

(ജി) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നു കിടക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ ;

(എച്ച്) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നു കിടക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റ് ;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഹൈഡ്രോളജിസ്റ്റ് ;

(ജെ) ജലസേചന വകുപ്പിലെ, ജില്ലയിൽ ജോലി ചെയ്യുന്ന ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ;

(കെ) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത കേരള വാട്ടർ അതോറിറ്റിയിലെ ഒരു എഞ്ചിനീയർ ;

(എൽ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നദീസംരക്ഷണ പ്രവർത്തനവുമായി ബന്ധമുള്ള രണ്ട് പരിസ്ഥിതി പ്രവർത്തകർ ;

(എം) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നോമിനേറ്റ് ചെയ്യുന്നതുമായ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (റോഡുകളും പാലങ്ങളും) പദവിയിൽ കുറയാത്ത ഒരു എഞ്ചിനീയർ ;

(എൻ) മൈനിംഗും ജിയോളജിയും വകുപ്പിലെ ജിയോളജിസ്റ്റ്/ജില്ലാ ഓഫീസർ, എക്സ്-ഒഫീഷ്യോ ;

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ;

(3) ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതും ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിരിക്കേണ്ടതുമാണ്.

(4) ജില്ലാ വിദഗ്ദ്ധസമിതി, ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരവും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾപ്രകാരവും ഏൽപ്പിച്ചുകൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

4. കടവ് കമ്മിറ്റിയുടെ രൂപീകരണവും ഘടനയും.—(1) ജില്ലാ കളക്ടർക്ക് ഒരു ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഓരോ കടവിലേയും അഥവാ നദീതീരത്തിലേയും മണൽവാരൽ നിയന്ത്രിക്കുന്ന ആവശ്യത്തിലേക്കായി, അങ്ങനെയുള്ള കടവിനോ അഥവാ നദീതീരത്തിനോവേണ്ടി ആ കടവോ നദീതീരമോ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേരോടുകൂടിയ ഓരോ കടവ് കമ്മിറ്റിയെ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കാവുന്നതാണ്, അതായത്:—

(എ) ബന്ധപ്പെട്ട കടവിന്റെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അഥവാ മുനിസിപ്പൽ ചെയർമാനോ/ചെയർപേഴ്സനോ—എക്സ്-ഒഫീഷ്യോ ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഥവാ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി—എക്സ്-ഒഫീഷ്യോ ;

(സി) പ്രസ്തുത പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർ—എക്സ്-ഒഫിഷ്യോ ;

(ഡി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് മെമ്പർ അഥവാ മുനിസിപ്പൽ കൗൺസിലർ—എക്സ്-ഒഫീഷ്യോ ;

(ഇ) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ—എക്സ്-ഒഫീഷ്യോ ;

(എഫ്) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും)—എക്സ്-ഒഫീഷ്യോ ;

(ജി) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള കേരള ജല അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ—എക്സ്-ഒഫീഷ്യോ ;

(എച്ച്) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള വില്ലേജ് ഓഫീസർ—എക്സ്-ഒഫീഷ്യോ ;

(ഐ) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ ;

(2) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അഥവാ മുനിസിപ്പാലിറ്റിയുടെ ചെയർമാനോ/ചെയർപേഴ്സനോ, അതതു സംഗതിപോലെ, കടവ് കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ അഥവാ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിയോ, അതതു സംഗതിപോലെ, കടവ് കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്നതുമാണ്.

(3) ചെയർമാൻ തീരുമാനിക്കുന്ന അപ്രകാരമുള്ള സ്ഥലത്തും സമയത്തും കടവ് കമ്മിറ്റി യോഗം ചേരേണ്ടതും, ഈ ആക്ട് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

9. ജില്ലാ വിദഗ്ദ്ധ സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി ജില്ലാ വിദഗ്ദ്ധ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ജില്ലയിൽ മണൽവാരൽ അനുവദിക്കാവുന്ന കടവോ നദീതീരമോ കണ്ടെത്തുക ;

(ബി) 'സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്', 'സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്' തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു കടവിൽനിന്നോ നദീതീരത്തുനിന്നോ വാരാവുന്ന മൊത്തം മണലിന്റെ അളവ് നിശ്ചയിക്കുക ;

** ** ** **

12. ഒരു കടവിലെ മണൽവാരൽ പ്രവർത്തനങ്ങൾക്കുള്ള പൊതു വ്യവസ്ഥകൾ.—(1) മണൽവാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനു മുൻപ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ, അവർക്ക് ജിയോളജി വകുപ്പിൽ നിന്നും ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ വിതരണം ചെയ്യേണ്ടതായ പാസുകൾ, റോയൽറ്റി നൽകുന്നതിന് ബാധകമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് റോയൽറ്റി നൽകി, ഒരു മാസക്കാലയളവിന് മുൻകൂറായി നേടേണ്ടതാണ്.

(2) ഒരു കടവിൽ രാവിലെ 6 മണിക്കു മുൻപും വൈകുന്നേരം 3 മണിക്കു ശേഷവും യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

** ** ** **

(5) ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

** ** ** **

(10) സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന മണൽ വാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തോ മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

** ** ** **

17. റിവർ മാനേജ്മെന്റ് ഫണ്ടും പാസ്സുകളുടെ വിതരണവും.—(1) ജില്ലാ കളക്ടർ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി "റിവർ മാനേജ്മെന്റ് ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് വച്ചുപോരേണ്ടതാണ്.

** ** ** **

(4) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകുന്ന ഏതൊരു പാസ്സിലും ആ വകുപ്പിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പും അദ്ദേഹത്തിന്റെ സീലും ഉണ്ടായിരിക്കേണ്ടതും മണൽവാരൽ ആരംഭിക്കുന്നതിനു മുൻപ് ആയതിൽ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന്റെ സെക്രട്ടറി മേലൊപ്പ് വയ്ക്കേണ്ടതുമാണ്.

** ** ** **

23. വാഹനങ്ങൾ കണ്ടുകെട്ടൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാതെ മണൽ കടത്തുന്ന ഏതൊരാളും ശിക്ഷയ്ക്ക് വിധേയനാകുന്നതും കടത്തിക്കൊണ്ടു പോകാൻ ഉപയോഗിച്ച വാഹനം, പോലീസോ റവന്യൂ ഉദ്യോഗസ്ഥൻമാരോ കണ്ടു കെട്ടലിന് വിധേയമാക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി 'വാഹനം' എന്നതിൽ 'നാടൻവള്ളവും ചങ്ങാടവും' ഉൾപ്പെടുന്നതുമാകുന്നു.

** ** ** **

25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—സർക്കാർ, ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടേണ്ടതായ ഏതൊരു കുറ്റവും യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

26. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ..........................................................................................................................................

** ** ** **